# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്.)

വിഷയം: കുടുംബശ്രീ – സി.ഡി.എസ്. ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് – സി.ഡി.എസ്. അക്കൗണ്ടന്റിന് ഹോണറേറിയം നൽകുന്നത് – സംബന്ധിച്ച്

പരാമർശം :
1. സ.ഉ.(പി) നം.95/2017/തസ്വഭവ തീയതി: 05/12/2017
2. 03/02/2018–ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്

**ഉത്തരവ് നം. 3737/എം/2017/കെ.എസ്.എച്ച്.ഒ. തീയതി 24/06/2018**

പരാമർശം (1) ഉത്തരവ് പ്രകാരം സി.ഡി.എസ്., എ.ഡി.എസ്. തലങ്ങളിലെ തെരഞ്ഞെടുപ്പ് ചെലവുകൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച് കുടുംബശ്രീ സംസ്ഥാന മിഷൻ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ 2018 ജനുവരി 26 ന് പൂർത്തീകരിച്ചിട്ടുണ്ട്. 2017–2018 ത്രിതല സംഘടനാ തെരഞ്ഞെടുപ്പിൽ പങ്കെടുത്ത ഉദ്യോഗസ്ഥർക്ക് പരാമർശം (2) ഉത്തരവ് പ്രകാരം ഓണറേറിയം നിശ്ചയിച്ച് നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിൽ സി.ഡി.എസ്. അക്കൗണ്ടന്റിന്റെ ഓണറേറിയം സംബന്ധിച്ച് ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ് എന്ന് നിർദ്ദേശിച്ചിരുന്നു.

കുടുംബശ്രീ സംഘടനാ സംവിധാനം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മെമ്പർ സെക്രട്ടറിയെ സഹായിക്കുക എന്ന വലിയ ഉത്തരവാദിത്വമാണ് സി.ഡി.എസ്സ് അക്കൗണ്ടന്റ് നിർവഹിക്കേണ്ടത്. ഇത് കൂടാതെ ഉപതെരെഞ്ഞെടുപ്പ് ആവശ്യമായി വരുന്ന സാഹചര്യത്തിൽ ആയതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഇവർ ചെയ്യേണ്ടതായിട്ടുണ്ട്. അഫിലിയേഷൻ പുതുക്കൽ, എ.ഡി.എസ്.–സി.ഡി.എസ്സ് വോട്ടർ പട്ടിക കൃത്യ സമയത്ത് എഴുതി തയ്യാറാക്കൽ, തെരെഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ വിശദാംശങ്ങൾ ജില്ലാ മിഷനും സംസ്ഥാന മിഷനും ഡേറ്റാ എൻട്രി ചെയ്ത് സമർപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നിർവഹിക്കേണ്ടത് സി.ഡി.എസ് അക്കൗണ്ടന്റിന്റെ ഉത്തരവാദിത്വമാണ്. ആയതു മികച്ച രീതിയിൽ കൃത്യ സമയത്തു തന്നെ സി.ഡി.എസ്. അക്കൗണ്ടന്റുമാർ നിർവഹിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കുടുംബശ്രീ സംഘടനാ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങൾ നിർവഹിച്ച സി.ഡി.എസ്. അക്കൗണ്ടന്റിന് ചുവടെ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം ഓണറേറിയം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| **ഉദ്യോഗ പേര്** | **ഓണറേറിയം (രൂപ)** |
|---|---|
| സി.ഡി.എസ്. അക്കൗണ്ടന്റ് | **1,000** |

ഇതിനു വേണ്ടി വരുന്ന ചെലവ് കുടുംബശ്രീ ജില്ലാമിഷനിലെ "**എൻ.ആർ.എൽ.എം. ഫണ്ടിലെ കപ്പാസിറ്റി ബിൽഡിംഗ് – ORG 11**" എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

**എല്ലാ ജില്ലാമിഷൻ കോ–ഓർഡിനേറ്റർമാർക്കും**

പകർപ്പ്

അധികം/കരുതൽ

**ഉത്തരവിൻ പ്രകാരം,**

**പ്രോഗ്രാം ഓഫീസർ (സംഘടന)**